# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 MARCH | No. 05


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 4:1 – 8**

01. എന്റെ നീതിയായ ദൈവമേ, ഞാൻ വിളിക്കുമ്പോൾ ഉത്തരമരുളേണമേ; ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി; എന്നോടു കൃപതോന്നി എന്റെ പ്രാർത്ഥന കേൾക്കേണമേ.

02. പുരുഷന്മാരേ, നിങ്ങൾ എത്രത്തോളം എന്റെ മാനത്തെ നിന്ദയാക്കി മായയെ ഇച്ഛിച്ചു വ്യാജത്തെ അന്വേഷിക്കും?

03. യഹോവ ഭക്തനെ തനിക്കു വേറുതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും.

04. നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ.

05. നീതിയാഗങ്ങളെ അർപ്പിപ്പിൻ; യഹോവയിൽ ആശ്രയം വെപ്പിൻ.

06. നമുക്കു ആർ നന്മ കാണിക്കും എന്നു പലരും പറയുന്നു; യഹോവേ, നിന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ ഉദിപ്പിക്കേണമേ.

07. ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുന്നു.

08. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നതു.

# ദൈവസാന്നിദ്ധ്യത്തിൽ അനുഗ്രഹീത സമാധാനം ഉണ്ടാകും!

**YOU WILL HAVE BLESSED PEACE IN GOD'S PRESENCE!**

*സിസ്റ്റർ ഏഞ്ചലിൻ*



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ **വിളി**യുടെ **പ്രതിധ്വനി**യുടെ ആശംസകൾ. നിങ്ങളുടെ ആത്മാവ് ക്രിസ്തുവിൽ അഭിവൃദ്ധി പ്രാപിക്കുന്നതുപോലെ, നിങ്ങൾ ഓരോരുത്തരും എല്ലാ വിധത്തിലും അഭിവൃദ്ധി പ്രാപിക്കട്ടെ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്ന ഈ മാസം ഞങ്ങളുടെ എല്ലാ വനിതാ വായനക്കാർക്കും ഹൃദയംഗമമായ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു. നിങ്ങൾക്ക് നല്ല ആരോഗ്യവും, പുതുശക്തിയും, സമൃദ്ധമായ കൃപയും ആസ്വദിക്കാൻ കഴിയട്ടെ. ദൈവം തന്റെ വചനത്തിൽ വിവരിച്ചിരിക്കുന്ന ജ്ഞാനിയായ സ്ത്രീകളാകുവാൻ നിരന്തരം സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. വീടുകൾ പണിയുകയും, കുടുംബങ്ങളെ പോറ്റുകയും, അങ്ങയുടെ സ്നേഹം അത്യധികം ആവശ്യമുള്ള ഈ ലോകത്തിൽ വിളക്കുകളായി പ്രകാശിക്കുകയും ചെയ്യുന്ന സ്ത്രീകൾ ആകട്ടെ. അന്തസ്സും ശക്തിയും ധരിച്ച്, നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ക്രിസ്തുവിന്റെ സൗന്ദര്യം പ്രതിഫലിച്ചു കൊണ്ട് നമുക്ക് ജ്ഞാനത്തിൽ നടക്കാം.

### വിശ്രമം എന്ന സമ്മാനം: നമ്മുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ രൂപകൽപ്പന!

സ്ത്രീകൾക്ക് ഒന്നിലധികം കാര്യങ്ങൾ ചെയ്യാനുള്ള അവിശ്വസനീയമായ കഴിവുകളെക്കുറിച്ചു ഞാൻ ചിന്തിച്ചപ്പോൾ, കുടുംബത്തെയും എന്റെ പിതാവിന്റെ ശുശ്രൂഷയെയും

3-ാം പേജിൽ തുടരും...




**Echo of His Call**

**Christian YouTube Channel!**

Every day 2 minutes message by

**Pr. S. Sam Selva Raj!**

in English, Hindi, Tamil & Telugu

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

★ Please Subscribe and Share ★

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969

## *from your dearly beloved brother...*





> **നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ, ഞാൻ നിങ്കൽ പ്രത്യാശ വെച്ചിരിക്കുന്നുവല്ലോ.**
>
> -സങ്കീർത്തനം 25:21

കർത്താവിൽ പ്രിയ സ്നേഹിതരേ,

ഈ വർഷം മാർച്ച് മാസത്തിലേക്കു പ്രവേശിക്കാൻ ദൈവം നമ്മെ കൃപയാൽ പ്രാപ്തരാക്കിയിരിക്കുന്നു. കഴിഞ്ഞുപോയ മാസങ്ങൾ കഠിനവും വെല്ലുവിളികൾ നിറഞ്ഞതുമായിരുന്നെങ്കിലും ഇപ്പോഴും തുടരുന്ന ദൈവിക കൃപ ഞങ്ങൾക്കു മതിയായിരുന്നു.

അർപ്പണബോധമുള്ള അദ്ധ്യാപകരുടെയും അനധ്യാപകരുടെയും ഒരു സംഘത്തെ നൽകി കർത്താവ് ഞങ്ങളുടെ വിദ്യാലയത്തെ അനുഗ്രഹിച്ചിരിക്കുന്നു. സ്കൂളിന്റെ 28-ാമത് കായിക ദിനം 2026 ജനുവരി 30 ന് ഞങ്ങൾ ആഘോഷിച്ചു.




*സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - കായിക ദിനം*

ഡോ. പ്രേംചന്ദ് മുഖ്യാതിഥിയായിരുന്നു, ദിവസം മുഴുവനും കായിക പ്രവർത്തനങ്ങൾ നിറഞ്ഞിരുന്നു. മികച്ച കഴിവും അച്ചടക്കവും പ്രകടിപ്പിച്ച ഞങ്ങളുടെ കുട്ടികളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നിരവധി മാതാപിതാക്കൾ ഞങ്ങളോടൊപ്പം ചേർന്നു.

നമ്മുടെ രാജ്യത്തിനും ലോകത്തിനും വേണ്ടി ഉത്തരവാദിത്തമുള്ള പൗരന്മാരെ വളർത്തിയെടുക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയതിന് ദൈവത്തിനു നന്ദി പറയുന്നു. ഏപ്രിലിൽ നടക്കാനിരിക്കുന്ന വാർഷിക പരീക്ഷയിലേക്ക് കുട്ടികൾ തയ്യാറെടുക്കുകയാണ്. ഗ്രാമത്തിലെ ഇംഗ്ലീഷ് ഹൈസ്കൂളിന് (**സെന്റ് പോൾസ് മെട്രിക്കുലേഷൻ ഹൈസ്കൂൾ**) കൂടുതൽ അദ്ധ്യാപകരും ജീവനക്കാരും ലഭ്യമാകാൻ നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.



*മുഖ്യസഭയിലെ പുരുഷന്മാരുടെ ധ്യാനം-യോശുവ വാരിയേഴ്സ് ടീം*

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**HON. EDITOR-IN-CHIEF**
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.

**EX MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc(C&P), PGDHRM, MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.org

**YOUTUBE CHANNEL**
Echo of His Call

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · YouTube Ministry · Online Courses · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · St. Paul's Matriculation School · Crusades · Community Development

മുഖ്യസഭയിലെ പുരുഷന്മാർക്കായി ജോഷ്വ വാരിയേഴ്സ് എന്ന ബാനറിൽ ജനുവരി 26 രാവിലെ 9.00 മുതൽ വൈകുന്നേരം 5.00 വരെ ഒരു ഏകദിന ധ്യാനം നടത്തി. ഏകദേശം 70 പുരുഷന്മാർ പങ്കെടുത്തു. പങ്കെടുത്ത ഓരോരുത്തരുടെയും മേൽ കർത്താവ് തന്റെ ശക്തി പകരുകയും ദൈവീക സ്പർശം അനുഭവിക്കുകയും ചെയ്തു.

വിഭവശേഷിയുള്ള വ്യക്തികളെ ദൈവം ധാരാളമായി അനുഗ്രഹിക്കുകയും സുവിശേഷവുമായി ഇന്ത്യയിൽ എത്താനുള്ള പുത്തൻ ദർശനത്തോടും പ്രതിബദ്ധതയോടുംകൂടി മടങ്ങി.

സമാനമായ രീതിയിൽ ഉടനെ തന്നെ ഒരു കുടുംബ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. സമയം, സ്ഥലം, നേതൃത്വം നൽകേണ്ടവർ എന്നതിനെക്കുറിച്ചുള്ള ദൈവീക മാർഗനിർദ്ദേശത്തിനായി പ്രാർത്ഥിക്കുവിൻ.

## ഞങ്ങളുടെ മറ്റു ശുശ്രൂഷകൾ

**നെഹെമ്യ ബൈബിൾ കോളേജുകൾ**, പ്രതിമാസ പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

**നെഹെമ്യ ബൈബിൾ കോളേജുകളു**ടെ ബിരുദദാന ചടങ്ങ് ജൂലൈ 4 ന് നടക്കും. അടുത്ത വർഷത്തേക്കുള്ള ക്ലാസ്സുകൾ 2026 ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും. സമർപ്പിതരായ പുതിയ വിദ്യാർത്ഥികളെ കർത്താവ് അയയ്ക്കുവാനായി പ്രാർത്ഥിക്കുവിൻ. ഞങ്ങൾ വാഗ്ദാനം ചെയ്യുന്നത്:

**വേദശാസ്ത്രത്തിൽ ഡിപ്ലോമ (Dip.Th.)**
**വേദശാസ്ത്രത്തിൽ ബിരുദം (B.Th.)**

ഈ കോഴ്സുകൾ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ലഭ്യമാണ്. ഞങ്ങളുടെ ഫാക്കൽറ്റി അംഗങ്ങൾക്കും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിനും വേണ്ടി പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.

മിഷൻ ഫീൽഡിലെയും ഭരണസംബന്ധമായ വകുപ്പുകളിലെയും എല്ലാ ജീവനക്കാർക്കായും ദൈവത്തിനു നന്ദി പറയുന്നു.

നിങ്ങൾക്കുവേണ്ടി ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷകൾക്കായി നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ദൈവകൃപ നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ.

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*
*പാസ്റ്റർ. എസ്. സാം സെൽവരാജ്*
ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

പോറ്റാൻ ഇടവേളകളില്ലാതെ അക്ഷീണം പ്രയത്നിച്ച എന്റെ അമ്മയെയും അമ്മൂമ്മയെയും ആണ് ഓർമ്മ വന്നത്. ഇവരുടെ സമർപ്പണം എന്നെ ആഴത്തിലുള്ള ഒരു തിരിച്ചറിവിലേക്കു നയിച്ചു: **വിശ്രമം** എത്ര പ്രധാനമാണ് എന്നത്.

ഞാൻ പ്രധാനമായും സ്ത്രീകളെക്കുറിച്ചാണ് സംസാരിക്കുന്നതെങ്കിലും, പുരുഷന്മാരും വിശ്രമം എന്ന ആശയവുമായി പൊരുതുന്നു. ജോലിയും വീട്ടു ഉത്തരവാദിത്തങ്ങളും കൈകാര്യം ചെയ്യുന്നതിനിടയിൽ അവർ തങ്ങളുടെ കുടുംബങ്ങളെ പരിപാലിക്കാൻ ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു. ഇന്നത്തെ വേഗതയേറിയ ലോകയാത്രയിൽ വിശ്രമം എന്നത് ആർക്കും താങ്ങാനാകാത്ത ഒരു ആഡംബരമായി തോന്നുന്നു. നമ്മുടെ കുട്ടികൾ പോലും സ്കൂളിലെ പഠിത്തം, അധിക ക്ലാസ്സുകൾ, നിരന്തരമായ പരീക്ഷകൾ എന്നിവയാൽ അമിത ഭാരത്തിലാണ്.

എന്നാൽ തിരുവചനം ശക്തമായ ഒരു സത്യം വെളിപ്പെടുത്തുന്നു. ആറു ദിവസത്തെ സൃഷ്ടിപ്പിനുശേഷം, **ദൈവം ഏഴാം ദിനം വിശ്രമിച്ചു** (ഉല്പത്തി 5:2). പ്രപഞ്ചത്തിന്റെ സൃഷ്ടാവ് വിശ്രമിക്കാൻ തീരുമാനിച്ചെങ്കിൽ നമുക്ക് അത് എത്രമാത്രം ആവശ്യമാണ്? എന്നാൽ, ദിവസത്തിൽ നമ്മുടെ ആവശ്യത്തിന് മണിക്കൂറുകൾ ഇല്ല എന്നു നമ്മിൽ പലർക്കും തോന്നുന്നു. വീട്, ജോലി, ശുശ്രൂഷ എന്നിവയുടെ ആവശ്യങ്ങൾപോലും കഠിനമായതായി അനുഭവപ്പെട്ടേക്കാം. "ദൈവത്തിന് വിശ്രമിക്കാൻ എളുപ്പമായിരുന്നു - അവൻ ദൈവമാണല്ലോ! എന്റെ ജോലികളാണെങ്കിൽ തീരുന്നതേയില്ല" എന്നു പലരും പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. അവരുടെ വികാരം മനസ്സിലാക്കാവുന്നതേയുള്ളു. മനുഷ്യരുടെ ജീവിതത്തിന്റെ ഭാഗമായി ദൈവം വിശ്രമം രൂപകൽപ്പന ചെയ്തിട്ടുണ്ട് എന്നു നാം ഓർക്കണം.

കാലക്രമേണ, നാം ദൈവത്തിന്റെ രൂപകൽപ്പനയിൽനിന്നും അകന്നുപോയി. ഇന്ന് നാം ജീവിതത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാനായി ഉറക്കം ത്യജിക്കുന്നു, ഭക്ഷണം ഒഴിവാക്കുന്നു, തലയില്ലാത്ത ചത്ത കോഴികളെപ്പോലെ ചീഞ്ഞളിഞ്ഞുപോകുന്നു. എന്നാൽ ദൈവവചനം നമ്മെ അവന്റെ കൃപയുടെ താളത്തിലേക്ക് തിരികെ വിളിക്കുന്നു. വിശ്രമം അലസതയല്ല; അനുസരണമാണ്. കർത്താവേ, "ഞാൻ നിറുത്തുമ്പോൾ പോലും അങ്ങയുടെ നിയന്ത്രണത്തിലാണ്" എന്നു ഞാ ൻ വിശ്വസിക്കുന്നു എന്നു പറയുന്നത് ദൈവത്തോടുള്ള വിശ്വാസത്തിന്റെ പ്രവൃത്തിയാണ്.

വേദപുസ്തകം വിശ്രമത്തെക്കുറിച്ച് എന്താണ് പറയുന്നതെന്നും അതു പിൻപറ്റുവാൻ നാം എന്തുകൊണ്ടാണ് പലപ്പോഴും ബുദ്ധിമുട്ടുന്നതെന്നും നമുക്ക് പര്യവേഷണം ചെയ്യാം. അവന്റെ സാന്നിദ്ധ്യത്തിൽ നമുക്ക് താല്കാലിക വിരാമം കണ്ടെത്തുവാനും, ശ്വസിക്കാനും, പുതുക്കം പ്രാപിക്കുവാനും നമുക്ക് പഠിക്കാം. കാരണം, **അവനിൽ നമ്മുടെ**

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

**ആത്മാക്കൾക്ക് യഥാർത്ഥ വിശ്രമം കണ്ടെത്താം** (മത്തായി 11:28).

## വിശ്രമത്തിന്റെ ശക്തി!

### 1. നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിച്ച താളമാണ് വിശ്രമം!

താൻ ചെയ്ത പ്രവൃത്തിയൊക്കെയും **ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു** (ഉല്പത്തി 2:2,3).

ശബ്ബത്ത് ദൈവത്തിന്റെ ദാനമാണ്. വിശ്രമസമയം എന്നത് അവനിലേക്ക് അടുക്കാനും, അവന്റെ വചനം വായിക്കാനും, ധ്യാനിക്കാനും, പ്രാർത്ഥിക്കാനും അവന്റെ സാന്നിദ്ധ്യം ആസ്വദിക്കാനുമുള്ള ഒരു വിശുദ്ധ സമയമാണ്. നാം അവനിൽ വിശ്രമിക്കുമ്പോൾ, നാം ശാരീരികമായും, മാനസികമായും, വൈകാരികമായും ആത്മീയമായും പുതുക്കപ്പെടുന്നു.

നമ്മൾ വിശ്രമം അവഗണിക്കുകയാണെങ്കിൽ നാം ചാരമായിപ്പോകും. ദൈവം വിശ്രമിച്ചത് അവൻ ക്ഷീണിതനായതു കൊണ്ടല്ല, മറിച്ച് നമുക്കു പിന്തുടരുവാനുള്ള ഒരു താളം കണ്ടെത്തുവനായിട്ടാണ്. വിശ്രമം ഐച്ഛികമല്ല; അത് ജീവിതത്തിനായുള്ള ദൈവത്തിന്റെ ദിവ്യ രൂപകൽപ്പനയുടെ ഭാഗമാണ്.

### 2. വിശ്രമം ഒരു തയ്യാറെടുപ്പാണ്, വെറും വീണ്ടെടുക്കൽ മാത്രമല്ല!

വിശ്രമം അവഗണിക്കുകയാണെങ്കിൽ അത് ക്ഷീണത്തിൽനിന്നും കരകയറാനുള്ള നിരാശാജനകമായ ശ്രമമായി മാറുന്നു. യേശുക്രിസ്തു ഈ തത്വം വ്യക്തമായി മനസ്സിലാക്കിയിരുന്നു. ശുശ്രൂഷയുടെ തിരക്കുകൾ തന്നെ ബാധിക്കാതിരിക്കാൻ അവൻ പലപ്പോഴും ഏകാന്തമായ സ്ഥലങ്ങളിലേക്ക് പിൻവാങ്ങിപ്പോകുമായിരുന്നു.

**അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു.** മർക്കൊസ് 1:35.

**അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.** ലൂക്കൊസ് 5:16.

പിതാവിനോടൊപ്പമുള്ള യേശുക്രിസ്തുവിന്റെ സമയം മനഃപൂർവ്വവും സജീവവുമായിരുന്നു. ദൈവവുമായുള്ള പതിവു കൂട്ടായ്മയിൽനിന്നാണ് ആത്മീയ ശക്തി ഒഴുകുന്നതെന്ന് അവന് അറിയാമായിരുന്നു.

## തളർന്നു പോകുക : വിശ്രമം അവഗണിക്കുന്നതിന്റെ വില!

വിശ്രമമില്ലായ്മ തളർച്ചയിലേക്ക് നയിക്കുന്നു. ഇത് നമ്മിൽ പലരും നേരിടുന്ന പോരാട്ടമാണ്. ദൈവത്തിന്റെ വിശ്രമതാളം നാം അവഗണിക്കുമ്പോൾ, നാം ശാരീരികമായും വൈകാരികമായും ആത്മീയമായും തളർന്നു പോകുന്നു. നാം തളർന്നുപോയാൽ, ദൈവത്തെ ഫലപ്രദമായി സേവിക്കാൻ കഴിയില്ല.

വിശ്രമം സ്വാർത്ഥതയല്ല; അതു നമ്മുടെ ജീവിതത്തിന്റെയും ദൈവത്തിന്റെ വിളിയുടെയും കാര്യനിർവ്വഹകണമാണ്. തളർച്ച ഒറ്റരാത്രികൊണ്ട് സംഭവിക്കുന്നതല്ല. അത് തെറ്റായ മുൻഗണന, തെറ്റായ സ്വയബോധം, തെറ്റായ സമൂഹം എന്നിവ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുമ്പോൾ അത് പതിയെ നമ്മിലേക്ക് കടന്നുവരുന്നു. ഈ മേഖലകൾ പരിശോധിച്ച് ദൈവം നമ്മെ സ്നേഹപൂർവ്വം തന്റെ പുതുക്കത്തിന്റെ രൂപകൽപ്പനയിലേക്ക വിളിക്കുന്നത് എങ്ങനെയെന്ന് നോക്കാം.

### 1. തെറ്റായ മുൻഗണനകൾ!

നമുക്കു കൈകാര്യം ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ കാരങ്ങൾ ഏറ്റെടുക്കുമ്പോഴാണ് തളർച്ച ആരംഭിക്കുന്നത്. എല്ലാം പ്രധാനമായയായതിനാൽ നാം എല്ലാത്തിനും 'അതെ' എന്നു പറയുന്നു. എന്നാലും ജ്ഞാനം നമ്മെ മുൻഗണന നൽകാൻ പഠിപ്പിക്കുന്നു. 'ഇല്ല' എന്നു പറഞ്ഞു പഠിക്കുന്നത് സ്വാർത്ഥമല്ല, അത് ഒരു ആവശ്യമാണ്.

യേശുക്രിസ്തു പോലും സന്തുലിതാവസ്ഥയുടെ ആവശ്യകത തിരിച്ചറിഞ്ഞു:

**വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ടു അവൻ അവരോടു "നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്ന് അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു."** മർക്കൊസ് 6:31.

യേശുക്രിസ്തു മാർത്തയുടെയും മറിയയുടെയും ഭവനം സന്ദർശിക്കുന്നത് ലൂക്കൊസ് 10-ൽ നാം വായിക്കുന്നു. മാർത്തയും അനുയായികളും അദ്ദേഹത്തെ ഊഷ്മളമായി സ്വീകരിക്കുകയും അവരെ പരിപാലിക്കുന്നതിരക്കിലാകുകയും ചെയ്തു. സഭയിലെ ഞങ്ങളുടെ ആതിഥേയ സംഘങ്ങളെപ്പോലെ വിശ്വസ്തതയോടെ സേവിക്കുന്നവർക്കായി ഞങ്ങൾ നന്ദി പറയുന്നു. എന്നാലും മാർത്ത അമിത ഭാരത്താൽ കലങ്ങി മറിഞ്ഞപ്പോഴും മറിയ യേശുവിന്റെ കാൽക്കൽ ഇരുന്നു അവനെ ശ്രദ്ധിക്കാൻ തീരുമാനിച്ചു.

മാർത്ത ഉവ്വ് എന്നു പറഞ്ഞിരുന്നു എങ്കിലും അവൾ തന്റെ പ്രതിബദ്ധതകളുടെ ഭാരത്താൽ ബുദ്ധിമുട്ടുകയായിരുന്നു. നമ്മിൽ എത്ര പേർക്ക് അത് മനസ്സിലാക്കാൻ കഴിയും? നല്ല ഉദ്ദേശ്യത്തോടെയാണ് ഞങ്ങൾ ഉവ്വ് എന്നു പറയുന്നതെങ്കിലും പിന്നീട് സമ്മർദ്ദവും ക്ഷീണവും അനുഭവപ്പെടുന്നു.

യേശുക്രിസ്തു അവളെ മൃദുവായി തിരുത്തി.

**മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടു; അല്ല,**

8-ാം പേജിൽ തുടരും...

**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV**
**(See Rule 8)**

| | | |
|---|---|---|
| 1. Place of Publication | : | **New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai - 600 005.** |
| 2. Periodicity | : | **Monthly** |
| 3. Printer, Editor, Owner & Publisher | : | **S. Sam Selva Raj** (Same Address) |
| 4. Nationality | : | **Indian** |

I, **S. Sam Selva Raj** hereby declare that the particulars given above are true to the best of my knowledge and belief.

**March 2026** **S. Sam Selva Raj.**

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മാർച്ച് 19** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മാർച്ച് 20** ⇨ ജനുവരി 24-ന് **നെഹെമ്യ ബൈബിൾ കോളേജിനു** വേണ്ടി നടത്തിയ പ്രത്യേക യോഗത്തെ അനുഗ്രഹിച്ചതിനായി.

**മാർച്ച് 21** ⇨ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മാർച്ച് 22** ⇨ ആഗോള ദർശനത്തിനായുള്ള **യൂത്ത് ആന്റ് കിഡ് കെയർ** ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

**മാർച്ച് 23** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്** സമർപ്പിതരായ അദ്ധ്യാപകരെയും പ്രതിബദ്ധതയുള്ള പ്രിൻസിപ്പാളിനെയും നൽകി അനുഗ്രഹിച്ചതിനായി.

**മാർച്ച് 24** ⇨ ഞങ്ങളുടെ മിഷണറി പ്രവർത്തകരുടെ ഉറച്ച പ്രതിബദ്ധതക്കായി.

**മാർച്ച് 25** ⇨ സംസ്ഥാന കോഡിനേറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മാർച്ച് 26** ⇨ വിവിധ ശുശ്രൂഷകളിലൂടെ സുവിശേഷം അറിയിക്കാനുള്ള സീനിയർ പാസ്റ്ററുടെ അർപ്പണത്തിനായി.

**മാർച്ച് 27** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 28** ⇨ **ബൈബിൾകോർ** (ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്) വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ് എന്നിവയെ അനുഗ്രഹിച്ചതിനായി.

**മാർച്ച് 29** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെ മദ്ധ്യേയും നമ്മുടെ ക്രിസ്തീയ ശുശ്രൂഷകൾ വളരുകയും ശക്തിപ്പെടുകയും ചെയ്യുന്നതിനായി.

**മാർച്ച് 30** ⇨ 1969 മുതലുള്ള മാസികാശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

**മാർച്ച് 31** ⇨ ഞങ്ങളുടെ സഭയിലേക്ക് അഭിഷേകം ചെയ്യപ്പെട്ട പുതിയ വിശ്വാസികൾ ദൈവകൃപ പ്രാപിക്കുവാനും വിശ്വാസത്തിലും ജ്ഞാനത്തിലും വളരുവാനും.

**ഏപ്രിൽ 01** ⇨ കഴിഞ്ഞ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തന്ന ദൈവീക കൃപയ്ക്കും കരുതലിനുമായി.

**ഏപ്രിൽ 02** ⇨ **നെഹെമ്യ ബൈബിൾ കോളേജിനെ** അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 03** ⇨ ഞങ്ങളുടെ പള്ളികളിലെ അംഗങ്ങൾക്കായി മഹാബലിപുരത്തുവച്ചു നടന്ന യോശുവ വാരിയേഴ്സിന്റെ പ്രത്യേക യോഗത്തെ അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 04** ⇨ എല്ലാ രാഷ്ട്രങ്ങളുടെയും ദൈവീക സംരക്ഷണത്തിനും അസ്ഥിരതകൾക്കും യുദ്ധഭീതികളുടെയും മദ്ധ്യേ സമാധാനത്തിനും സ്ഥിരതയ്ക്കുമായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഏപ്രിൽ 05** ⇨ എല്ലാവരുടെയും അനുഗ്രഹത്തിനും പ്രയോജനത്തിനുമായി സാദ്ധ്യമായ എല്ലാ വിധത്തിലും അളവിലും ശുശ്രൂഷകളുടെ വികാസത്തിനായി.

**ഏപ്രിൽ 06** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനായുള്ള കൂടുതൽ ദൈവീക ദർശനങ്ങൾ ലഭിക്കാൻ.

**ഏപ്രിൽ 07** ⇨ ലോകമെമ്പാടുമുള്ള പ്രസിഡന്റുമാർ, പ്രധാനമന്ത്രിമാർ, സർക്കാർ അധികാരികൾ എന്നിവർക്ക് രാഷ്ട്രത്തെ നയിക്കുവാനുള്ള ജ്ഞാനത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായി.

**ഏപ്രിൽ 08** ⇨ പ്രാർത്ഥനകളിലൂടെയും സംഭാവനകളിലൂടെയും ഞങ്ങളെ പിന്തുണയ്ക്കുന്ന അഭ്യുദയകാംക്ഷികൾക്കും അനുഗ്രഹവും ശക്തിയും ലഭ്യമാകാൻ.

**ഏപ്രിൽ 09** ⇨ വൈറൽ പനികളിൽനിന്നും പുതുതായി ഉയർന്നുവരുന്ന പകർച്ചവ്യാധികളിൽനിന്നും എല്ലാവരും സംരക്ഷിക്കപ്പെടുവാൻ.

**ഏപ്രിൽ 10** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** 2026 – 27 അദ്ധ്യയനവർഷത്തിലെ പുതിയ വിദ്യാർത്ഥികളുടെ വിജയകരമായ പ്രവേശനത്തിനായി.

**ഏപ്രിൽ 11** ⇨ ലോകമെമ്പാടുമുള്ള യുവാക്കളും കുട്ടികളും യേശുക്രിസ്തുവിനെ വ്യക്തിപരമായ രക്ഷകനായി അംഗീകരിക്കുവാൻ.

**ഏപ്രിൽ 12** ⇨ ആസൂത്രണത്തിന്റെ എല്ലാ മേഖലകളിലും രാജ്യങ്ങൾ തമ്മിൽ ഐക്യം, പുരോഗതി, സമാധാനം എന്നിവ നിലനിൽക്കാൻ.

**ഏപ്രിൽ 13** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരും കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെടുവാനായി.

**ഏപ്രിൽ 14** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും എല്ലാ ദുഷ്ടശക്തികളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ.

**ഏപ്രിൽ 15** ⇨ 2026-27 വർഷത്തിലേക്ക് റെസിഡൻഷ്യൽ, ഈവനിംഗ് **നെഹെമ്യ ബൈബിൾ കോളേജുകളിൽ** അർഹരായ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**ഏപ്രിൽ 16** ⇨ നമ്മുടെ ശുശ്രൂഷയുടെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും നിറവേറുവാൻ.

**ഏപ്രിൽ 17** ⇨ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ അവസാനത്തിനും അതുമൂലം കഷ്ടപ്പെടുന്ന എല്ലാവർക്കും ആശ്വാസവും ലഭിക്കാൻ.

**ഏപ്രിൽ 18** ⇨ ആശ്വാസവും പുതുശക്തിയും ലഭിക്കുവാൻ ജനങ്ങളുടെമേൽ ദൈവകൃപ വീണ്ടും പകരുവാൻ.

## ക്രിസ്ത്യാനികളില്ല – ലോകമില്ല

**കണ്ടുപിടിച്ചവർ:**

| | | |
|---|---|---|
| സൈക്കിൾ | = | മാക് മില്ലൻ |
| ബൈക്ക് | = | ജെ. ഡെയ്‌ലർ |
| ആട്ടോ | = | ജോനാഥാൻ സ്കോബി |
| കാർ | = | കാൾ ബെൻസ് |
| മോട്ടോർ കാർ | = | ഓസ്റ്റിൻ |
| ജീപ്പ് | = | W.L. സെഡ്സൺ |
| ബസ് | = | ഗോൾഡ് വാസ് |
| ഏറോപ്ലെയിൻ | = | റൈറ്റ് ബ്രദേഴ്സ്. |
| റെയിൽ | = | റിച്ചാർഡ് ത്രിവിറ്റിക് |
| ട്രാക്റ്റർ | = | ജോൺ ഫ്രോക്ലിച്ച് |
| ജെ.സി.ബി. | = | ജോസഫ് സി. ബാംഫോർഡ് |
| ബാറ്ററി | = | എ. വോൾട്ട് |
| ഇലക്ട്രിക് | = | ബെഞ്ചമിൻ ഫ്രാങ്ക്ളിൻ |
| ബൾബ് | = | തോമസ് എ. എഡിസൺ |
| ഡൈനാമോ | = | എം. ഫാരഡെ |
| ഗ്യാസ് എഞ്ചിൻ | = | ഡെയ്മിയർ |
| ഡീസൽ എഞ്ചിൻ | = | ആർ. ഡീസൽ |
| വെൽഡർ | = | എറ്റിഷ് തോംസൺ |
| റെയിൽവെ എഞ്ചിൻ | = | സ്റ്റീഫൻസൺ |
| എൽ.പി.ജി. ഗ്യാസ് | = | ഡോ. വാൾട്ടർ ഡി.എസ്. |
| മൈക്ക് | = | ഹോറെസ് ഷോർട്ട് |
| പേന | = | ലൂയിസ് വാട്ടർമാൻ |
| ഐയൺ ബോക്സ് | = | H.W. സൂൾ |
| മാച്ചസ് | = | ജോൺ വാൾക്കർ |
| ക്യാമറ | = | ജോൺ കാർബറ്റ് |
| ഡിജിറ്റൽ ക്യാമറ | = | സ്റ്റീവൻ |
| റേസർ | = | കിംഗ്സ് ജെ. ഗില്ലറ്റ് |
| റബർ | = | സി. ഗുഡ് ഈയർ |
| റഫ്രജറേറ്റർ | = | ജെയിംസ് ഹാരിസൺ, |
| | | അലക്സാണ്ടർ കൈറ്റ്സിൻ |
| സേഫ്റ്റി പിൻ | = | വാൾട്ടർ ഹണ്ട് |
| തയ്യൽ മെഷീൻ | = | ബർത്തലോം റൈമൊനീവ് |
| ലെൻസ് | = | വെനിസ് (വിൻസി) |
| ഐ ഗ്ലാസ് | = | സാൽവിനോ ഡി.എ. |
| ടി.വി. | = | ബെയർഡ് ജോൺ ലോഗി |
| ഫോൺ | = | ഗ്രഹാം ബെൽ എ. |
| കമ്പ്യൂട്ടർ | = | ചാൾസ് ബാബെസ് |
| മൊബൈൽ | = | മാർട്ടിൻ. കൂപ്പർ |

| | | |
|---|---|---|
| എസ്.ഡി. കാർഡ് | = | റോളന്റ് മൊറേനോ |
| പെയിന്റ് | = | ഷാലിമാർ |
| സ്റ്റീൽ | = | ഹെൻട്രി ബെസ്മാർ |
| സിമന്റ് | = | ജോസ്പ് അസ്പാടിൻ |
| ടൈൽസ് | = | ജെർമൻ മിഷണറിമാർ |
| ടോയ്‌ലറ്റ് | = | തോമസ് ക്രാപ്പെർ |
| പാന്റ് | = | ജോർജ് ബ്രെയൺ |
| ഷർട്ട് | = | ബെയോൺസ് |
| ജീൻസ് പാന്റ് | = | ജേക്കബ് ഡെവിസ് |
| ബ്രാ | = | മേരി ടുക്കോക്ക് |
| ക്രിക്കറ്റ് | = | W.J. ഗ്രേസ് |
| വോളി ബാൾ | = | മോർഗൻ വിതസൻ |
| ഫുട്ട് ബാൾ | = | റോബർട്ട് കേൻ |
| പെനിസിലിൻ | = | എ. ഫ്ളെമിംഗ് |
| പ്ലാസ്റ്റിക് സർജറി | = | ആർച്ചിബാൾഡ്. ഹെക്ടെർ എം |
| പോളിയോ | = | ജോനാസ് സാൾക്ക് |
| സ്മാൾപോക്സ് | = | എഡ്വേർഡ് ജെന്നർ |
| എക്സ്റേ | = | വിൽഹെം രഞ്ജൻ |
| ഇൻസുലിൻ | = | ഫ്രെഡറിക് ബൻറിഗ് |
| | | ചാൾസ് എച്ച്. ബെസ്റ്റ് |
| ക്യുനൈൻ | = | പിയറാ ജോസഫ് |
| സ്റ്റെന്റ് ഹാർട്ട് | = | ജൂലിയോ പൾമാസ് |
| പ്ലാസ്റ്റർ | = | പോൾ ബിയേഴ്സ്ഡോർഫ് |
| അനസ്തെറ്റിക് | = | വില്ല്യം മാർട്ടൺ |
| ആന്ത്രാക്സ് | = | ലൂയിസ് പാസ്റ്റർ |
| ആന്റിസെപ്റ്റിക് | = | ജോസഫ് ലിസ്റ്റർ |
| ആർട്ടിഫിഷ്യർ ഹാർട്ട് | = | ഡെന്റൺ കൂലി |
| ആർട്ടിഫിഷ്യൽ ഹിപ്പ് | = | ജോൺ ചാൺലി |
| സ്കിൻ | = | ജോൺ എഫ്. ലോയന്നിസ് |
| ബർത്ത് കൺട്രോൾ | = | ഗ്രിഗറി പിൻകസ് |
| പിൽസ് | | മിൻ ചച്ച് |
| ബ്ലഡ് ട്രാൻസ്ഫ്യൂശൻ | = | തോമസ് ബ്ലൂഡെൽ |
| കോൺടാക്ട് ലെൻസ് | = | അഡോൾഫ് ഫിക്ക് |
| കഫ് ഡ്രോപ്സ് | = | ജെയിംസ് സ്മിത്ത് |
| സിറഞ്ച് | = | കോളിൻ മർഡോക്ക് |

ക്രിസ്തുമതം ലോകത്തിന് ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്ന മറ്റു സമൂഹങ്ങൾക്കുള്ള മറുപടിയായിട്ടാണ് ഇത് പോസ്റ്റ് ചെയ്യുന്നത്. ആരാണ് ചെയ്യുന്നത്, ആരാണ് ചെയ്യാത്തത് എന്ന് എല്ലാവരും മനസ്സിലാക്കണം.

ക്രിസ്തുവിന്റെ ശക്തി കാണാൻ എല്ലാവരുടെയും കണ്ണുകൾ തുറക്കട്ടെ.


**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

*ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം*

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

1969 TO 2029 ECHO OF HIS CALL SINCE 1969

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം - 24 മണിക്കൂർ
02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ - ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സൺഡേസ്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 8.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്കു 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. തമിഴ് & ഇംഗ്ലീഷ് ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. ഹിന്ദി പ്രാർത്ഥന - വ്യാഴം വൈകുന്നേരം 7.00 മണി
25. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
26. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
27. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28. പ്രത്യേക കർത്തൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 5.30 മണി
30. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
32. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
33. കർത്തൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
36. ഓഫീസ് - രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## അവനിൽ വിശ്വസിക്കുന്നവരെ ദൈവകൃപ ആവരണം ചെയ്യുന്നു!

**. . . യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും. സങ്കീർത്തനങ്ങൾ 32:10**

എന്റെ കുട്ടിക്കാലം മുതൽ ഞാൻ നേരിട്ട നല്ലതും അല്ലാത്തതുമായ വിവിധ അനുഭവങ്ങളിലൂടെ സർവ്വശക്തനായവൻ എന്നോടൊപ്പമുണ്ടെന്നും മഹത്തായ ഏതോ കാര്യം എന്റെ ജീവിതത്തിൽ നിറവേറ്റുവാൻ അവൻ തയ്യാറെടുക്കുകയാണെന്നും എന്നെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ദൈവത്തിനുവേണ്ടി ഞാൻ ചെയ്തുകൊണ്ടിരുന്ന സുവിശേഷവേലയിൽ പിന്തുണ തേടി ഞാൻ പലരെയും സമീപിച്ചു എങ്കിലും ആരും എന്നോടൊപ്പം ചേരാൻ തയ്യാറായില്ല. പക്ഷെ, ദൈവകൃപ എന്നെ മുന്നോട്ടു നയിച്ചുകൊണ്ടിരുന്നു.

യേശുക്രിസ്തുവിനെക്കുറിച്ച് എനിക്ക് മതിയായ അറിവോ, ശുശ്രൂഷാപരിചയമോ ഇല്ലായിരുന്നെങ്കിലും ഭാരത്തിലായിരിക്കുന്നവരെ സഹായിക്കാനുള്ള ആഴമായ ആഗ്രഹം എനിക്കുണ്ടായിരുന്നു.

വളരെ പ്രയാസപ്പെട്ട് 750 രൂപ വിലയുള്ള ഒരു സംഗീതോപകരണമായ അക്കോഡിയൻ വാങ്ങാൻ എനിക്കു കഴിഞ്ഞു. ചെന്നൈയിലെ ചെപ്പോക്കിലുള്ള ദരിദ്രപ്രദേശങ്ങൾ സന്ദർശിച്ച് അക്കോഡിയൻ വായിച്ച് എനിക്കറിയാവുന്ന ചുരുക്കം ചില ഗാനങ്ങൾ ആലപിക്കുമായിരുന്നു. ശ്രദ്ധേയമായത് എന്തെന്നാൽ, ഇന്ന് ഞങ്ങളുടെ മുഖ്യ സഭയും ഓഫീസുമെല്ലാം സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. പകൽ സർക്കാർ ജോലി ചെയ്യുന്നതിനോടൊപ്പം ഞാൻ ചെപ്പോക്കിലെ തെരുവുകളിൽ പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. എന്റെ സഹപ്രവർത്തകർ അത്ഭുതത്തോടെ എന്നെ വീക്ഷിക്കുകയും ഞാൻ പ്രസംഗിക്കുന്ന സത്യം കേൾക്കാൻ മുന്നോട്ടു വരികയും ചെയ്തു.

അതിശയകരമെന്നു പറയട്ടെ, ഞാൻ തെരുവുകളിൽ പ്രസംഗിക്കുമ്പോൾ, വീടുകൾക്കുള്ളിൽ സുഖമില്ലാതെ കിടന്ന രോഗികൾ സൗഖ്യം പ്രാപിച്ച് എന്റെ അരികിൽ കടന്നുവന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലപ്പോഴൊക്കെ ഇവരിൽ ചിലർ ബോധരഹിതരായി നിലം പതിക്കാറുണ്ടായിരുന്നു. ഇത് കണ്ടവർ ഭയന്ന് ചിതറിപ്പോയി. ഞാനും ഞെട്ടിപ്പോയി. ബോധം നഷ്ടപ്പെട്ടവരെ ആ ഇടുങ്ങിയ വഴികളിൽ മത്സ്യങ്ങളെപ്പോലെ നിരത്തിവച്ചത് എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. അത്തരം ശുശ്രൂഷകളിൽ ഔപചാരികമായ പരിശീലനമോ അനുഭവമോ ഇല്ലായിരുന്നതിനാൽ അടുത്തതായി എന്തു ചെയ്യണമെന്ന് അറിയാതെ നിശബ്ദനായി ഞാൻ നിന്നു.

അപ്പോൾ ജനത്തിന്റെ മേൽ കൈവെച്ച് യഥാർത്ഥമായ അനുകമ്പയോടെ പ്രാർത്ഥിക്കാൻ പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിച്ചു. ഞാൻ അനുസരിച്ചു. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ പ്രാർത്ഥിച്ചപ്പോൾ അവർ സുഖം പ്രാപിക്കുകയും പിശാചിന്റെ ബന്ധനത്തിൽനിന്നും വിടുവിക്കപ്പെടുകയും ചെയ്തു. ഈ ആദ്യകാല അനുഭവങ്ങൾ എന്നെ വളരെയധികം ശക്തിപ്പെടുത്തുകയും ദൈവത്തോടുള്ള എന്റെ സ്നേഹം ആഴത്തിലാക്കുകയും ചെയ്തു.

ഇന്ന്, വർഷങ്ങൾക്കുശേഷം, ആ ആളുകളിൽ ചിലരെ നമ്മുടെ പള്ളിയിലേക്ക് വരുവാൻ ദൈവം പ്രാപ്തരാക്കിയിരിക്കുന്നു. ചുരുക്കം ചിലർ ഇപ്പോൾ ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുന്നു. പിന്നീട് അതേ പ്രദേശത്ത് വലിയ യോഗങ്ങൾ നടത്താൻ കർത്താവ് എന്നെ പ്രാപ്തനാക്കുകയും ദൈവം വലിയ അത്ഭുതങ്ങൾ ചെയ്യുകയും ഉണ്ടായി. ഇപ്പോഴും രോഗികളെയും അംഗവൈകല്യമുള്ളവരെയും പൈശാചികശക്തികളാൽ ദീർഘകാലമായി ബന്ധനസ്ഥരാക്കിയവരെയും സൗഖ്യമാക്കുവാനും വിടുവിക്കുവാനും ദൈവം എന്നെ ഉപയോഗിക്കുന്നു.

ചില വർഷങ്ങൾക്കുമുമ്പ് ചെന്നൈയ്ക്കടുത്തുള്ള കാഞ്ചീപുരത്ത് സമാനമായ യോഗങ്ങൾ നടത്താൻ ദൈവം എന്നെ സഹായിച്ചു. ആ പ്രദേശം മുഴുവനും സുവിശേഷവൽക്കരിക്കാൻ കർത്താവ് എന്നെ പ്രാപ്തനാക്കി. ഞാൻ ഒരിക്കൽ ചെറിയ രീതിയിൽ ശുശ്രൂഷിച്ച സ്ഥലങ്ങൾ ദൈവം എന്നെ ഓർമ്മപ്പെടുത്തുന്നു. അവിടെയെല്ലാം വലിയ രീതിയിൽ ശുശ്രൂഷിക്കാൻ എന്നെ സഹായിക്കുന്നു. അവന്റെ പരിശുദ്ധ നാമത്തിനു മഹത്വമുണ്ടാകട്ടെ!

*************

4-ാം പേജിന്റെ തുടർച്ച...

**ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അതു ആരും അവളോടു അപഹരിക്കയുമില്ല.** ലൂക്കൊസ് 10:41,42.

മാർത്തയുടെ മുൻഗണനകൾ തെറ്റായിരുന്നു, ഫലം ക്ഷീണമായിരുന്നു. ക്ഷീണം ഒഴിവാക്കാൻ യഥാർത്ഥത്തിൽ പ്രാധാന്യമുള്ളത് തിരഞ്ഞെടുക്കുന്നതിലൂടെ 2026-ൽ മുൻഗണനകളെ വിവേകപൂർവ്വം കൈകാര്യം ചെയ്യാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

### 2. തെറ്റായ വ്യക്തിത്വം!

നാം ആരാണെന്നും നാം ചെയ്യുന്നതെന്താണെന്നുമുള്ള ആശയക്കുഴപ്പം വരുമ്പോഴാണ് പലപ്പോഴും ക്ഷീണം ഉണ്ടാകുന്നത്. ജോലി നമ്മുടെ മൂല്യവും ശുശ്രൂഷ നമ്മുടെ അളവുകോലുമായി മാറുന്നു. നാം നമ്മുടെ പദ്ധതികൾ പൂരിപ്പിക്കുന്നു, വിജയത്തെ പിന്തുടരുന്നു, ചിലപ്പോൾ മറ്റുള്ളവരുമായി മത്സരിക്കുകയും ചെയ്യുന്നു. പക്ഷെ നമ്മുടെ മൂല്യം ക്രിസ്തുവിൽ നിന്നാണ് വരുന്നത്.

നമ്മുടെ വ്യക്തിത്വം സ്വത്തുക്കളിലോ, പദവിയിലോ, ലോകത്തിന്റെ നിലവാരത്തിലോ കാണപ്പെടുന്നില്ല. നമ്മുടെ വ്യക്തിത്വം ക്രിസ്തുവിൽ മാത്രമാണ്.

**എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊപ്പം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.** (ഫിലിപ്പിയർ 4:19).

ജോലി പ്രധാനമാണെങ്കിലും ദൈവവുമായുള്ള കൂട്ടായ്മയെ അതു ബാധിക്കരുത്. ഒരു കാരണവശാലും സഭയെയോ ക്രിസ്തീയ കൂട്ടായ്മയെയോ അവഗണിക്കരുത്.

**മോശെ ഈ പാഠം കഠിനമായ അനുഭവത്തിലൂടെയാണ് പഠിച്ചത്. നേതൃത്വത്തിന്റെ ഭാരം മറ്റുള്ളവർക്കുകൂടി പകുത്തു നൽകാൻ അമ്മായിയപ്പനായ യിത്രോ മോശെയോടു ഉപദേശിക്കുന്നതുവരെ അവൻ ഒറ്റയ്ക്കു ഭാരം ചുമക്കുവാൻ ശ്രമിച്ചു** (പുറപ്പാട് 18). അധികാരം പകുത്തു നൽകുന്നതും പരിശീലനവും പ്രധാനമാണ്. എല്ലാം സ്വയം ചെയ്യാൻ നാം വിളിക്കപ്പെട്ടിട്ടില്ല.

പ്രിയ സുഹൃത്തുക്കളേ, നമ്മെ വിളിച്ചിരിക്കുന്ന വിളി പൂർത്തിയാക്കാൻ ദൈവം കൃപ നൽകുന്നു. നിങ്ങൾക്കു ക്ഷീണമോ അമിത ഭാരമോ തോന്നുന്നുവെങ്കിൽ, സ്വയം ചോദിക്കുക: "ഇത് ദൈവം എന്നോടു വഹിക്കാൻ ആവശ്യപ്പെട്ട ഒന്നാണോ?" ദൈവം ഒരിക്കലും നമുക്കു വഹിക്കാൻ കഴിയാത്ത ഭാരം ചുമക്കാൻ പറയാറില്ല. ഒറ്റയ്ക്കു ഭാരം ചുമക്കുമ്പോഴാണ് ക്ഷീണം ഉണ്ടാകുന്നത്.

## 3. തെറ്റായ വർഗ്ഗം അല്ലെങ്കിൽ ബന്ധം!

നാം ഒറ്റപ്പെട്ടു ജീവിക്കാൻ ദൈവത്തിന് ഒരിക്കലും ഉദ്ദേശമില്ലായിരുന്നു. തുടക്കം മുതൽതന്നെ നാം അവനുമായി സഹവർത്തിക്കുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. തമ്മിലുള്ള ബന്ധം നഷ്ടപ്പെടുമ്പോൾ, ഉത്കണ്ഠ, വിഷാദം, വൈകാരിക പോരാട്ടങ്ങൾ എന്നിവയിലേക്കു നയിച്ചേക്കാം.

വേണ്ടപ്പെട്ടവരിൽനിന്ന്, ശരിയായ സമയത്തും സ്ഥലത്തുംവെച്ചു വേർപിരിയുന്നതിന്റെ ഫലമായിട്ട് ക്ഷീണം ഉണ്ടാകുന്നു.

**സോദോം ഫലഭൂയിഷ്ഠവും സമൃദ്ധിയുള്ളതുമായി കാണപ്പെട്ടതുകൊണ്ട് ലോത്ത് അവിടെ താമസിക്കാൻ തീരുമാനിച്ചു** ഉല്പത്തി 13:10. **അവിടത്തെ ജനങ്ങളുടെ ദുഷ്ടത അദ്ദേഹം ശ്രദ്ധിച്ചില്ല** (വാക്യം 13). തെറ്റായ ഒരു സമൂഹത്തെ അദ്ദേഹം തിരഞ്ഞെടുത്തത് വിനാശകരമായ പ്രത്യാഘാതങ്ങളിലേക്കു നയിച്ചു - നഷ്ടം, ഹൃദയം തകർക്കൽ, തകർന്ന ബന്ധങ്ങൾ.

നിങ്ങൾ ഒറ്റയ്ക്കു നടക്കരുത്. നിങ്ങളുടെ സഭാ കുടുംബവുമായുള്ള ബന്ധം നിലനിർത്തുക. നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന ബന്ധങ്ങൾ കെട്ടിപ്പടുക്കുക. ദൈവത്തെക്കുറിച്ച് സംസാരിക്കുക, കിംവദന്തികൾ പരത്തുകയല്ല.

തളർച്ച ഒരു പാപമാണോ?

തളർച്ച അനുഭവപ്പെടുന്നത് പാപമല്ല. ഒരു വലിയ വിജയത്തിനുശേഷം ഏലിയാവു പോലും ക്ഷീണിതനായി നിലവിളിച്ചു:

**...ഇപ്പോൾ മതി, യഹോവേ...** 1 രാജാക്കന്മാർ 16:4. ദൈവം ഏലിയാവിനെ കുറ്റം വിധിച്ചില്ല. അവനെ ആശ്വസിപ്പിച്ചു, ഭക്ഷണം നൽകി, വിശ്രമിക്കാൻ അനുവദിച്ചു.

ദൈവം നമ്മോട് ഇന്നും ഇതുതന്നെ പറയുന്നു:

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ; എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.** മത്തായി 11:28.

അവന്റെ പാദപീഠത്തിൽ ഇരിക്കുവിൻ. അവന്റെ സന്നിധിയിൽ വിശ്രമിക്കുവിൻ. അവൻ നിങ്ങളുടെ ശക്തിയെ പുതുക്കും.

**വിശ്രമത്തിനുള്ള ദൈവത്തിന്റെ വാഗ്ദാനം: ...എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത തരും...** പുറപ്പാട് 33:14.

യേശുക്രിസ്തു യഥാർത്ഥമായ വിശ്രമം വാഗ്ദത്തം ചെയ്യുന്നു: **...എല്ലാവരും എന്റെ അടുക്കൽ വരുവിൻ... എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു** മത്തായി 11:28,30.

## പത്രൊസ് നമ്മെ ഓർമ്മിപ്പിക്കുന്നു!

**അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.** 1 പത്രൊസ് 5:7.

"ഇട്ടുകൊൾവിൻ" എന്ന വാക്ക് എനിക്ക് ഇഷ്ടമാണ്. കാരണം അതിന്റെ അർത്ഥം വലിച്ചെറിയുക എന്നാണ്. നിങ്ങൾ തന്നെ എല്ലാ ഭാരവും സ്വയം വഹിക്കുന്നത് നിർത്തുക എന്നതുമാണ്.

യേശുക്രിസ്തു വീണ്ടും നമ്മെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു:

**നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്നു അല്പം ആശ്വസിച്ചുകൊൾവിൻ.** മർക്കൊസ് 6:31.

സമാധാനപ്രഭുവായ യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നു, നമുക്കുവേണ്ട് കുരിശിൽ മരിച്ചു, നമുക്കു സമാധാനത്തോടെ ജീവിക്കാനും അവന്റെ വിശ്രമം ആസ്വദിക്കാനും വേണ്ടി ഉയിർത്തെഴുന്നേറ്റു. എന്തുകൊണ്ട് ഇന്നുതന്നെ അവനിൽ വിശ്വസിച്ചുകൂടാ?

## ഒരു സമാപന ഓർമ്മപ്പെടുത്തൽ

*പാപസങ്കടം താങ്ങിടാൻ*
*യേശു തക്ക സ്നേഹിതൻ*
*ദൈവത്തോടു പ്രാർത്ഥിച്ചിടാൻ*
*സ്വാതന്ത്ര്യം തന്നതുതൻ*
*നൽസമാധാനം വെടിഞ്ഞു*
*വ്യർത്ഥമായ് നാം നോവുന്നു*
*ദൈവത്തോടു പ്രാർത്ഥിക്കാഞ്ഞു*
*നാം അനർത്ഥം നേടുന്നു*



**എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നൽകും** പുറപ്പാട് 33:14.

നിങ്ങൾക്കു വിശ്രമം നൽകാനായി ദൈവത്തിന്റെ സാന്നിദ്ധ്യം നിങ്ങളുടെ മുമ്പിലായി പോകട്ടെ.

യേശുവിൽ വിശ്വസിക്കുക.

എല്ലാം ദൈവസന്നിധിയിലേക്കു കൊണ്ടു പോകുക.

അവനോടു സംസാരിക്കുക.

അവൻ സൗജന്യമായി നൽകുന്ന വിശ്രമം സ്വീകരിക്കുക.

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

*1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS Patrika Channel"
on 4th MARCH 2026.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**